**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 267** **13-07-2022 - ൽ മറുപടിയ്ക്ക്**

**കാലവർഷക്കെടുതിയിൽ തകരുന്ന റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാലവർഷക്കെടുതിയിൽ തകരുന്ന റോഡുകൾ എത്രയും വേഗം ഗതാഗത യോഗ്യമാക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കാലവർഷക്കെടുതിയിൽ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനായി Special Task Force രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന യഥാക്രമം State Level Task Force ന്റെയും District level Task Force ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ KSTP PI Cell ന്റെ നിയന്ത്രണത്തിൽ ആരംഭിച്ചു. മറ്റുപരാതികൾ വകുപ്പിനെ അറിയിക്കുന്നതിന് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കും. മഴ കുറഞ്ഞെങ്കിൽ 48 മണിക്കൂറിനകം താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണം. സ്വീകരിച്ച പരിഹാര നടപടികൾ പരാതിക്കാരനെ നേരിട്ട് അറിയിക്കും. കൂടാതെ മൂന്നു ദിവസത്തിലൊരിക്കൽ PI Cell-ൽ നിന്നും പരാതി പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് State Task Force-ന് നൽകുകയും ചെയ്യുന്നു. ഇതോടൊപ്പം റോഡുകളുടെ പരിപാലനത്തിന് റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും ഒ പി ബി ആർ സി പദ്ധതിയും നടപ്പാക്കുന്നുണ്ട്.<br><br>ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ കേടുപാട് സംബന്ധിച്ച് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR) ലും തുക |

| | | | |
|---|---|---|---|
| | | | കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് ഉപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗത യോഗ്യമാക്കാറുണ്ട്. ഇതുകൂടാതെ, ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും, ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. |
| (ബി) | എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | കാലവർഷക്കെടുതിയിൽ റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിനായി Special Task Force രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ ചീഫ് എഞ്ചിനീയർമാരും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും ഉൾപ്പെടുന്ന യഥാക്രമം State Level Task Force ന്റെയും District level Task Force ന്റെയും പ്രവർത്തനം 2022 ജൂൺ 1 മുതൽ KSTP PI Cell ന്റെ നിയന്ത്രണത്തിൽ ആരംഭിച്ചു. മഴപരാതികൾ വകുപ്പിനെ അറിയിക്കുന്നതിന് ടോൾഫ്രീ നമ്പരായ 18004257771-ൽ പരാതികൾ വിളിച്ചറിയിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികൾ ഉടൻ തന്നെ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറെ ഫോൺ/ഇ-മെയിൽ മുഖേന അറിയിക്കും. മഴ കുറഞ്ഞെങ്കിൽ 48 മണിക്കൂറിനകം താൽക്കാലിക പരിഹാരമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കണം. സ്വീകരിച്ച പരിഹാര നടപടികൾ പരാതിക്കാരനെ നേരിട്ട് അറിയിക്കും. കൂടാതെ മൂന്നു ദിവസത്തിലൊരിക്കൽ PI Cell-ൽ നിന്നും പരാതി പരിഹാര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് State Task Force-ന് നൽകുകയും ചെയ്യുന്നു. ഇതോടൊപ്പം റോഡുകളുടെ പരിപാലനത്തിന് റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും ഒ പി ബി ആർ സി പദ്ധതിയും നടപ്പാക്കുന്നുണ്ട്.<br><br>ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ കേടുപാട് സംബന്ധിച്ച് യഥാസമയം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ആയതിന് താൽക്കാലിക പരിഹാരമായി Ordinary Repair (OR) ലും Flood Damage Repair (FDR) ലും തുക കേന്ദ്രം നൽകുകയും ചെയ്യാറുണ്ട്. ഇത് ഉപയോഗിച്ച് താൽക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി ദേശീയപാത ഗതാഗത യോഗ്യമാക്കാറുണ്ട്. ഇതുകൂടാതെ, ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും, ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അനുമതി ലഭിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ